KSEB

# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004*
CIN:U40100KL2011SGC027424 *Website:* www.kseb.in
Office of the Director (Distribution, IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
*Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail:ddkseb@kseb.in*

D (D, IT & HRM)/ COVID 19/ 2019 – 2020/17 / 1.06.2020

## പരിപത്രം

വിഷയം :- കോവിഡ് 19 പ്രതിരോധനടപടികൾ - വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കുവാൻ വേണ്ട മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച്

സൂചന :- 27.04.2020 ലെ പരിപത്രം നമ്പർ D (D, IT & HRM)/ COVID 19/ 2019 – 2020/8

കേരള ഗവൺമെന്റ്, സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ഓൺലൈൻ ക്ലാസുകൾ ടി.വി ചാനൽ മുഖേനെയും ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ചുകൊണ്ടും ജൂൺ ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. തന്മൂലം വൈദ്യുതിതടസ്സങ്ങൾ പരമാവധി ഒഴിവാക്കി വൈദ്യുതിവിതരണം സുഗമമായി നടത്തുവാൻ താഴെപ്പറയുന്ന നിർദേശങ്ങൾ ഫീൽഡ് തലത്തിൽ നടപ്പിലാക്കേണ്ടതാണ്.

1. വൈദ്യുതിതടസ്സങ്ങൾ ഉണ്ടാക്കിയേക്കാവുന്ന മുൻകൂട്ടി ആസൂത്രണം ചെയ്ത പുതിയ പ്രവൃത്തികൾ കഴിയുന്നതും ഈ കാലയളവിൽ ഒഴിവാക്കേണ്ടതാണ്.എന്നാൽ അനിവാര്യമായ സാഹചര്യത്തിൽ, ഇത്തരം പുതിയ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തേണ്ടുന്നപക്ഷം അടുത്തുള്ള സെക്ഷൻഓഫീസുകൾ തമ്മിലും സബ് സ്റ്റേഷനുകളുമായും പ്രവൃത്തികൾ ഏകോപിപ്പിച്ചുകൊണ്ടും, ബാക്ക്ഫീഡിങ് സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും വൈദ്യുതി തടസ്സത്തിന്റെ ദൈർഘ്യവും ബാധിക്കുന്ന ഉപഭോക്താക്കളുടെ എണ്ണവും പരമാവധി കുറയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കഴിയുന്നതും വൈദ്യുതിതടസ്സങ്ങൾ ഉണ്ടാക്കുന്ന പ്രവൃത്തികൾ ക്ലാസ്സുകളുടെ സംപ്രേക്ഷണം ഇല്ലാത്തദിവസം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ സംപ്രേക്ഷണസമയത്തു വൈദ്യുതിതടസ്സം ഉണ്ടാകുകയാണെങ്കിൽ, അതിന്റെ പുനഃസംപ്രേക്ഷണ സമയത്തു വൈദ്യുതിതടസ്സം ഇല്ലെന്നു ഉറപ്പു വരുത്തേണ്ട താണ്.

2. മേൽ സൂചിപ്പിച്ച പ്രകാരം ഉണ്ടാകാവുന്ന വൈദ്യുതിതടസ്സങ്ങൾ സംബന്ധിച്ച വിവരം ഉപഭോക്താക്കളെ 24 മണിക്കൂർ മുൻപേ " ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം (OMS ) സോഫ്റ്റ്‌വെയർ ഉപയോഗിച്ച് SMS മുഖേനെ അറിയിക്കേണ്ടതാണ് . അതുകൂടാതെ പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും തലേദിവസം തന്നെ വൈദ്യുതിതടസ്സങ്ങൾ സംബന്ധിച്ച വിവരം നൽകേണ്ടതാണ്.

3. ആസൂത്രിതമല്ലാതെ ഉണ്ടാകുന്ന വൈദ്യുതിതടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ചുകൊണ്ടു ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കേണ്ടതാണ്.

Sd/-

ചെയർമാൻ & മാനേജിങ് ഡയറക്ടർ

എല്ലാ ട്രാൻസ്മിഷൻ , ഡിസ്ട്രിബ്യൂഷൻ വകുപ്പ് മേധാവികൾക്കും.